**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട**
**നിയമസഭാ ചോദ്യം നം.*5** **26-02-2018 ൽ മറുപടിയ്ക്ക്**

## കോഴിക്കോട് വിമാനത്താവളത്തിൽ ഹജ്ജ് യാത്രയുടെ എംബാർക്കേഷൻ

**ചോദ്യം**

**ശ്രീ. പി. ഉബൈദുള്ള**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന്**

എ) കോഴിക്കോട് വിമാനത്താവളത്തിൽ നിന്നും വലിയ വിമാനങ്ങൾക്ക സർവ്വീസ് നടത്താൻ കഴിയുമെന്ന് എയർപോർട്ട് അതോറിറ്റി സിവിൽ ഏവിയേഷൻ മന്ത്രാലയത്തിന് റിപ്പോർട്ട് നൽകിയതിനാൽ ഹജ്ജ് യാത്രയുടെ എംബാർക്കേഷൻ കോഴിക്കോട്ടു നിന്നാക്കാൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോ;

ബി) കേരളത്തിലെ എൺപത് ശതമാനത്തിലേറെ ഹജ്ജ് തീർത്ഥാടകർ വടക്കൻ കേരളത്തിൽ നിന്നാകയാൽ ഇക്കാര്യത്തിൽ കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിക്കുമോ?

**മറുപടി**

**പിണറായി വിജയൻ**
**(മുഖ്യമന്ത്രി)**

**(എ) & (ബി)**

കേരളത്തിലെ ഹജ്ജ് തീർത്ഥാടകരിൽ 83 ശതമാനവും വടക്കൻ കേരളത്തിൽ നിന്നായതിനാലും കോഴിക്കോട്ട് എയർപോർട്ടിനടുത്ത് ഹജ്ജ് ഹൗസും മറ്റു സൗകര്യങ്ങളും നിലവിലുള്ളതിനാലും എമ്പാർക്കേഷൻ പോയിന്റ് കോഴിക്കോട്ടേക്ക് മാറ്റുന്നതിന് നിരന്തരം കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ടിരിക്കുകയാണ്.

**സെക്ഷൻ ഓഫീസർ**